# സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ്

**(ഒരു കേരള സർക്കാർ സ്വയംഭരണ സ്ഥാപനം)**

നം. KHTC/CMD/02/2026 തീയതി: ജനുവരി 05, 2026

**<u>വിജ്ഞാപനം</u>**

കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ (കെ.എച്ച്.റ്റി.സി.) വിവിധ യൂണിറ്റുകളിലേക്ക് രണ്ട് വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി യോഗ്യതയും അഭിരുചിയുമുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി.) അപേക്ഷകൾ ക്ഷണിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളെ ആവശ്യമായ സേവനങ്ങൾ നൽകുന്നതിനായി സി.എം.ഡി. യുടെ ശമ്പളപ്പട്ടികയിൽ (Payroll) ഉൾപ്പെടുത്തി കെ.എച്ച്.റ്റി.സി. യുടെ വിവിധ യൂണിറ്റുകളിലേക്ക് നിയോഗിക്കുന്നതാണ്. താൽപ്പര്യമുള്ളവർ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിന്റെ (സി.എം.ഡി.) വെബ്സൈറ്റ് **(www.cmd.kerala.gov.in)** മുഖേന ഓൺലൈനായോ തപാൽ മുഖേനയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

- **ജനുവരി 05, 2026, രാവിലെ 10.00** മണി മുതൽ ഓൺലൈൻ മുഖേനയുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങുന്നതാണ്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി **ജനുവരി 19, 2026, വൈകുന്നേരം 05.00** മണി വരെയാണ്. തപാൽ മുഖേന അയയ്ക്കുന്ന അപേക്ഷകളും **ജനുവരി 19, 2026, വൈകുന്നേരം 05.00** മണിയ്ക്ക് മുൻപായി സി.എം.ഡി. യിൽ ലഭിക്കേണ്ടതാണ്.

തസ്തികകൾ, ഒഴിവുകളുടെ എണ്ണം, യോഗ്യതാ മാനദണ്ഡങ്ങൾ, പ്രവൃത്തി പരിചയം, വേതനം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

| **ക്രമ നം.** | **തസ്തിക** | **ഒഴിവുകളുടെ എണ്ണം** | **വിദ്യാഭ്യാസ യോഗ്യത** | **പ്രായപരിധി (01.01.2026 പ്രകാരം)** | **പ്രവൃത്തി പരിചയം (01.01.2026 പ്രകാരം)** | **മാസ വേതനം (രൂപയിൽ)** |
|---|---|---|---|---|---|---|
| 1 | ടൂറിസം വർക്കർ/ ക്ലീനിംഗ് സ്റ്റാഫ് (ദേവികുളം താലൂക്കിലെ സ്ഥിരതാമസക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു.) (സ്ഥലം: മൂന്നാർ) | 05 | 8–ാം ക്ലാസ് പാസായിരിക്കണം. മലയാളം/ഇംഗ്ലീഷ് പ്രാവീണ്യം ഉണ്ടായിരിക്കണം | 45 വയസ് | ഗാർഡനിംഗ്/ക്ലീനിംഗ് വർക്കിൽ കുറഞ്ഞത് രണ്ട് വർഷത്തെ പ്രവൃത്തി പരിചയം | 18,000/- |
| 2. | ടൂറിസം ഗാർഡ് (ദേവികുളം താലൂക്കിലെ സ്ഥിരതാമസക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു.) സ്ഥലം: മൂന്നാർ) | 02 | Life Saving ട്രെയിനിംഗ് സർട്ടിഫിക്കറ്റ്/നീന്തൽ പരിശീലന സർട്ടിഫിക്കറ്റ്, 10–ാം ക്ലാസ് പാസ്സായിരിക്കണം | 45 വയസ് | ശാരീരികക്ഷമതയുള്ള ഉദ്യോഗാർത്ഥി ആയിരിക്കണം | 20,000/- |

| ക്രമ നം. | തസ്തിക | ഒഴിവു കളുടെ എണ്ണം | വിദ്യാഭ്യാസ യോഗ്യത | പ്രായപ രിധി (01.01.2026 പ്രകാരം) | പ്രവൃത്തി പരിചയം (01.01.2026 പ്രകാരം) | മാസ വേതനം (രൂപയിൽ) |
|---|---|---|---|---|---|---|
| 3 | ക്ലാർക്ക് (സ്ഥലം: തിരുവന ന്തപുരം ഹെഡ് ഓഫീസ്) | 01 | അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദം, | 58 വയസ് | സർക്കാർ/പ്രൈ വറ്റ് സ്ഥാപനത്തിൽ എച്ച്. ആർ. സംബന്ധമായ കാര്യങ്ങളിൽ കുറഞ്ഞത് 5 വർഷത്തെ പ്രവൃത്തി പരി ചയം | 22,240/- |

**യോഗ്യതാ നിർണ്ണയത്തിനായുള്ള കട്ട് ഓഫ് തീയതി**

പ്രായപരിധി അടിസ്ഥാനത്തിലുള്ള അർഹത നിർണയത്തിനായുള്ള കട്ട് ഓഫ് തീയതി **ജനുവരി 01, 2026.**
പ്രവർത്തി പരിചയ നിർണ്ണയത്തിനായുള്ള കട്ട് ഓഫ് തീയതി **ജനുവരി 01, 2026.**

**അപേക്ഷ സമർപ്പിക്കേണ്ട രീതി**

1. അപേക്ഷ ഓൺലൈനായി www.cmd.kerala.gov.in പോർട്ടൽ മുഖാന്തരമോ അനുബന്ധം 1 –ൽ നൽകിയിട്ടുള്ള അപേക്ഷ ഫോറം പൂരിപ്പിച്ച് രേഖകളോടൊപ്പം തപാൽ മുഖേനയോ സമർപ്പിക്കാവുന്നതാണ്. സി.എം.ഡി. യിലോ കെ.എച്ച്.റ്റി.സി. യിലോ അപേക്ഷകൾ നേരിട്ട് സ്വീകരിക്കുന്നതല്ല. ഓൺലൈനായോ തപാൽ മുഖേനയോ അല്ലാതെ ലഭിക്കുന്ന അപേക്ഷ കൾ നിരുപാധികം നിരസിക്കുന്നതാണ്.

2. **ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**
   - ❖ അപേക്ഷകന്റെ ഏറ്റവും പുതിയ ഫോട്ടോ സ്കാൻ ചെയ്ത് ഓൺലൈൻ പോർട്ടലിൽ നിർദ്ദിഷ്ട സ്ഥലത്ത് അപ്‌ലോഡ് ചെയ്യുക. സ്കാൻ ചെയ്ത ചിത്രം 200 kB -ൽ താഴെ ഉള്ളതും *.JPG ഫോർമാറ്റിലുമാവണം.
   - ❖ അപേക്ഷകൻ വെളുത്ത പേപ്പറിൽ നീല/കറുപ്പ് മഷിയിലുള്ള ഒപ്പ് സ്കാൻ ചെയ്ത് ഓൺലൈൻ പോർട്ടലിൽ നിർദ്ദിഷ്ട സ്ഥലത്ത് അപ്‌ലോഡ് ചെയ്യുക. സ്കാൻ ചെയ്ത ചിത്രം 50 KB-ൽ താഴെ ഉള്ളതും *.JPG ഫോർമാറ്റിലുമാവണം. പൂർണ്ണമായ ഒപ്പാണ് സ്കാൻ ചെയ്യേണ്ടത്; ഒപ്പ് വ്യക്തിത്വത്തിന്റെ തെളിവായതിനാൽ അത് യഥാർത്ഥ മായിരിക്കണം.
   - ❖ CAPITAL LETTERS മാത്രം ഉപയോഗിച്ചുള്ള ഒപ്പ് അനുവദനീയമല്ല. ഇൻഷ്യൽ മാത്രം ഉപയോഗിച്ചുള്ള ഒപ്പ് അംഗീകരിക്കുന്നതല്ല. ഒപ്പ് അപേക്ഷകൻ തന്നെ രേഖപ്പെടുത്ത ണം. മറ്റേതെങ്കിലും വ്യക്തി ഒപ്പിടാൻ പാടില്ല.

3. തപാൽ മുഖേന അപേക്ഷകൾ സമർപ്പിക്കുന്നവർ (ആറ് മാസത്തിനുള്ളിൽ എടുത്ത) പാസ്പോർട്ട് സൈസ് ഫോട്ടോ പതിക്കുകയും പൂരിപ്പിക്കുകയും ചെയ്ത അപേക്ഷാഫോ റത്തിനോടൊപ്പം (അനുബന്ധം 1 കാണുക) ഏതെങ്കിലും സർക്കാർ അംഗീകൃത തിരിച്ചറി

യൽ രേഖ, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, എസ്.എസ്.എൽ.സി./പത്താം ക്ലാസ് തുല്യതാ സർട്ടിഫിക്കറ്റ്, പ്രവൃത്തി പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (അപേക്ഷിക്കുന്ന തസ്തികയ്ക്ക് പ്രവൃത്തി പരിചയം ആവശ്യമെങ്കിൽ), ലൈസൻസുകൾ (അപേക്ഷിക്കുന്ന തസ്തികയ്ക്ക് ആവശ്യമെങ്കിൽ) എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷകൾ അയക്കേണ്ട വിലാസം:

സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ്
സി.വി. രാമൻപിള്ള റോഡ്, നോർക്ക റൂട്ട്സിനു സമീപം
തൈക്കാട് പി. ഒ., തിരുവനന്തപുരം – 695014.

**അപേക്ഷയും പകർപ്പുകളുമടങ്ങിയ കവറിനു മുകളിൽ "KHTC Recruitment" എന്നോ "KHTC റിക്രൂട്ട്മെന്റ്" എന്നോ നിർബന്ധമായും എഴുതേണ്ടതാണ്.**

**പൊതു നിർദ്ദേശങ്ങൾ**

1. അപേക്ഷകൻ ഇന്ത്യൻ പൗരനായിരിക്കണം.
2. അപേക്ഷകർ വിശദമായ വിജ്ഞാപനം പൂർണ്ണമായി വായിച്ച് അപേക്ഷിക്കുന്നതിനുമുമ്പ് തങ്ങൾ യോഗ്യരാണ് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
3. **ഓൺലൈനായോ തപാൽ മുഖേനയോ അപേക്ഷ സമർപ്പിക്കുമ്പോൾ ഉണ്ടാകുന്ന അവ്യക്തതകൾക്ക് KHTC/CMD ഉത്തരവാദികളായിരിക്കില്ല.**
4. ഓൺലൈൻ അപേക്ഷയിലെ എല്ലാ ബന്ധപ്പെട്ട ഫീൽഡുകളും നിർബന്ധമായും പൂരിപ്പിക്കണം.
5. അപൂർണ്ണമായ അല്ലെങ്കിൽ തെറ്റായ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അപേക്ഷ സമർപ്പിച്ചതിനു ശേഷം അപേക്ഷകർ ഏതെങ്കിലും രേഖകൾ തിരുത്തുകയോ പുതിയതായി അപ്‌ലോഡ് ചെയ്യുകയോ ചെയ്താൽ KHTC/CMD അവ പരിഗണിക്കുന്നതല്ല. അപേക്ഷാഫോമിൽ തെറ്റുകൾ കണ്ടെത്തിയാൽ, തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതു ഘട്ടത്തിലും അയോഗ്യരാക്കുന്നതാണ്.
6. അപേക്ഷാ ഫോമിൽ തെറ്റായ അല്ലെങ്കിൽ വ്യാജമായ വിവരങ്ങൾ നൽകരുത്. അപേക്ഷയിൽ നൽകിയ വിവരങ്ങൾ ഒറിജിനൽ രേഖകളുമായി പൊരുത്തപ്പെടാതിരുന്നാൽ അപേക്ഷ നിരുപാധികം നിരസിക്കുന്നതാണ്.
7. **പ്രസ്തുത തസ്തികയിലേക്കുള്ള വിദ്യാഭ്യാസ യോഗ്യത അംഗീകൃത സർവ്വകലാശാല/സ്ഥാപനത്തിൽ നിന്നുള്ളതായിരിക്കണം. സമാന യോഗ്യതയുള്ള അപേക്ഷകർ ആ യോഗ്യത തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷ നിരസിക്കപ്പെടാവുന്നതാണ്.**
8. **വിദേശ സർവ്വകലാശാലകളിൽ നിന്ന് സമാന യോഗ്യത നേടിയവർ ഇന്ത്യയിൽ അംഗീകരിക്കപ്പെടുന്ന വിദ്യാഭ്യാസ യോഗ്യതയാണെന്ന് തെളിയിക്കുന്ന യോഗ്യതാ സർട്ടിഫിക്കേറ്റ് യോഗ്യതാ തുല്യത നിർണ്ണയ അധികാരമുള്ള അതോറിറ്റി/ ഇന്ത്യൻ സർവ്വകലാശാല അസോസിയേഷനിൽ നിന്നോ ഹാജരാക്കേണ്ടതാണ്.**
9. പരിശോധനാ ഘട്ടത്തിൽ സമർപ്പിച്ച രേഖകൾ വ്യാജമോ അസാധുവോ ആണെന്നു കണ്ടെത്തിയാൽ മുൻകൂർ അറിയിപ്പ് നൽകാതെ അപേക്ഷ നിരസിക്കപെടുന്നതാണ്.

10. വിദ്യാഭ്യാസ യോഗ്യത/പ്രവൃത്തി പരിചയം അല്ലെങ്കിൽ വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടുള്ള മറ്റ് അർഹതാ മാനദണ്ഡങ്ങൾ എന്നിവ തെളിയിക്കുന്നതിനായി, അപേക്ഷകരിൽ നിന്ന് അധിക രേഖ തെളിവുകൾ ആവശ്യപ്പെടുന്നതിനുള്ള പൂർണ്ണ അധികാരം സി.എം.ഡി. യ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

11. **വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുമ്പോൾ അപേക്ഷകർ ബന്ധപ്പെട്ട അംഗീകൃത മേലധികാരിയിൽ നിന്നും ലഭിക്കുന്ന ഒർജിനൽ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് എന്നിവയിലേതെങ്കിലും ഒന്ന് നിർബന്ധമായും അപ്ലോഡ് ചെയ്യേണ്ടതാണ്. സർട്ടിഫിക്കറ്റുകൾക്കു പകരമായി മാർക്ക് ലിസ്റ്റുകൾ, കൺസോളിഡേറ്റഡ് മാർക്കു ലിസ്റ്റുകൾ, സ്റ്റേറ്റ്മെന്റുകൾ എന്നിവ അപ്‌ലോഡ് ചെയ്യുന്നത് അംഗീകരിക്കുന്നതല്ല. അത്തരത്തിലുള്ള അപേക്ഷകൾ നിരസിക്കപ്പെടുകയും റദ്ദാക്കപ്പെടുകയും ചെയ്യും.**

12. ഓൺലൈൻ അപേക്ഷകർക്ക് ഒരു സജീവമായ ഇ–മെയിൽ ഐ.ഡി.യും മൊബൈൽ നമ്പറും ഉണ്ടായിരിക്കണം, കൂടാതെ അത് റിക്രൂട്ട്മെന്റ് പ്രക്രിയ പൂർത്തിയാകുന്നതു വരെ സജീവമായി സൂക്ഷിക്കേണ്ടതുമാണ്. എഴുത്തു പരീക്ഷ, പ്രാവീണ്യ മൂല്യനിർണ്ണയം, അഭിമുഖം എന്നിവയ്ക്കുള്ള അഡ്മിറ്റ് കാർഡ്/ കാൾ ലെറ്റർ ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള അറിയിപ്പ് അപേക്ഷയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ഇ–മെയിൽ ഐഡി മുഖേന സി.എം.ഡി. അപേക്ഷകർക്ക് ലഭ്യമാക്കുന്നതാണ്. അപേക്ഷകർക്ക് വ്യക്തിഗതമായി ഇ–മെയിൽ ഐഡി ഇല്ലാത്തപക്ഷം ഓൺലൈനായി അപേക്ഷിക്കുന്നതിനു മുൻപ് പുതിയ ഇ–മെയിൽ ഐഡി നിർമ്മിച്ച് മൊബൈൽ നമ്പറും രജിസ്റ്റർ ചെയ്യുകയും, തുടർന്ന് ആ ഇ–മെയിൽ ഐഡി യും മൊബൈൽ നമ്പറും റിക്രൂട്ട്മെന്റ് പ്രക്രിയ പൂർത്തിയാകുന്നതു വരെ സജീവമായി സൂക്ഷിക്കേണ്ടതുമാണ്.

13. നിയമന ഉത്തരവുകൾ, ശമ്പള സർട്ടിഫിക്കറ്റുകൾ, പേ സ്ലിപ്പ് (Pay slip) എന്നിവ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റിന് പകരമായി സ്വീകരിക്കില്ല. ഏറ്റവും പുതിയ പ്രവൃത്തി പരിചയം സംബന്ധിച്ചിടത്ത്, തൊഴിൽ ദാതാവിന്റെ പേര്, പദവി, സേവന കാലയളവും, ജോലിയുടെ സ്വഭാവം, നിർവ്വഹിച്ച ചുമതലകൾ, ഉത്തരവാദിത്വങ്ങൾ എന്നിവ വ്യക്തമായി രേഖപ്പെടുത്തിയ സത്യവാങ്മൂലം അപ്‌ലോഡ് ചെയ്യേണ്ടതാണ്. ജോലിയിൽ പ്രവേശിച്ച തീയതി, സർവ്വീസ് അവസാനിച്ച തീയതി, ചുമതലകളും ഉത്തരവാദിത്വങ്ങളും, മേലധികാരിയുടെ ഒപ്പും സീലും വ്യക്തമാക്കാത്ത പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് പരിഗണിക്കുന്നതല്ല.

14. ചുരുക്കപ്പട്ടികയിൽ ഇടം നേടിയവർക്കുമാത്രമേ ഇ–മെയിൽ, എസ്.എം.എസ്. അല്ലെങ്കിൽ ടെലഫോൺ മുഖേനയുള്ള അറിയിപ്പ് ലഭിക്കുകയുള്ളൂ.

15. അപ്ഡേറ്റുകളും അറിയിപ്പുകളും ലഭിക്കുന്നതിന് ഇ–മെയിൽ അറിയിപ്പുകൾ സജീവമാക്കുക. സ്പാം /ജങ്ക് ഇ–മെയിൽ ഫോൾഡറും സ്ഥിരമായി പരിശോധിക്കുക.

16. മങ്ങിയതോ വ്യക്തതയോ ഇല്ലാത്ത ഫോട്ടോ / ഒപ്പ്/ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റുകൾ നിരസിക്കുന്നതാണ്.

17. വിജ്ഞാപനം പരിഷ്ക്കരിക്കുക, റദ്ദാക്കുക, ഒഴിവുകളുടെ എണ്ണം അല്ലെങ്കിൽ തസ്തികകളുടെ എണ്ണം മാറ്റം വരുത്തുക, സമ്പൂർണ്ണ റിക്രൂട്ട്മെന്റ് പ്രക്രിയ മുൻകൂർ അറിയിപ്പോ കാരണ വിവരണമോ നൽകാതെ താൽക്കാലികമായി നിർത്തി വയ്ക്കാൻ KHTC/CMD യ്ക്ക് പൂർണ്ണ അധികാരമുണ്ട്.

18. റിക്രൂട്ട്മെന്റ് ചട്ടങ്ങൾ, കട്ട് ഓഫ് മാർക്കുകൾ, ചുരുക്കപ്പട്ടിക തയ്യാറാക്കൽ, കട്ട് ഓഫ് മാർക്കിനെ അടിസ്ഥാനമാക്കിയുള്ള തെരഞ്ഞെടുപ്പ്, കട്ട് ഓഫ് മാർക്ക് നിശ്ചയിക്കുക എന്നിവയുടെ പൂർണ്ണ അധികാരം KHTC/CMD യിൽ നിക്ഷിപ്തമാണ്.

19. ഏതു വിധത്തിലുള്ള ക്രമക്കേടുകൾ,ആനുകൂല്യങ്ങൾ/ഇളവുകൾ/സൗകര്യങ്ങൾ വ്യാജമായി അവകാശപ്പെടൽ, അച്ചടക്ക ലംഘനം എന്നിവയിൽ ഏർപ്പെടുന്ന അപേക്ഷകരെ റിക്രൂട്ട്മെന്റ് നടപടികളിൽ നിന്നും വിലക്കുന്നതിനുള്ള പൂർണ്ണ അവകാശം KHTC/CMD യിൽ നിക്ഷിപ്തമാണ്.

20. **ഒന്നിൽ കൂടുതൽ തസ്തികകളിലേക്ക് അപേക്ഷിക്കുന്നവർ ഓരോ തസ്തികയ്ക്കും ഓരോ (പൂർണ്ണമായ) അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

Sd./-

അംഗീകൃത അധികാരി

6 മാസത്തിനു ള്ളിൽ എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ പതിക്കുക

## അനുബന്ധം 1

### തപാൽ മുഖേന സമർപ്പിക്കുന്നതിനുള്ള അപേക്ഷാ ഫോറം

| | | |
|---|---|---|
| 1. | പേര് (Name) | |
| 2. | അപേക്ഷിക്കുന്ന തസ്തിക (Post Applied for) | |
| 3. | ജനനതീയതി (Date of Birth) | _______/_______/______ (DD/MM/YYYY) |
| 4. | ഇ–മെയിൽ (E-mail) | |
| 5. | മൊബൈൽ നമ്പർ (Mobile Number) | |
| 6. | മതം (Religion) | |
| 7. | ജാതി (Caste) | |
| 8. | വിഭാഗം (Category) | |
| 9. | സ്ഥിരം മേൽവിലാസം (Permanent Address) | |
| 10. | വിദ്യാഭ്യാസ യോഗ്യതകൾ (Educational Qualifications)) | 1.<br>2.<br>3. |
| 11. | പ്രവൃത്തി പരിചയം (വർഷത്തിൽ) (Total Experience) (in years) | |
| 12. | റെസിഡൻഷ്യൽ നമ്പർ (Residential Number) | |
| 13. | മറ്റ് യോഗ്യതകൾ (ലൈഫ് സേവിംഗ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ്/ നീന്തൽ പരിശീലന സർട്ടിഫിക്കറ്റ് എന്നിവ) | |
| 14. | ഒപ്പ് (Signature) | |

(ഇതോടൊപ്പം തിരിച്ചറിയൽ രേഖ, എസ്.എസ്.എൽ.സി./പത്താം ക്ലാസ് തുല്യതാ സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ലൈസൻസുകൾ (ബാധകമായവ) എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി അയക്കേണ്ടതാണ്.)